greed and selfishness. "The Lord took the man and take care of it". (Genesis:2:15). God has appointed man to guard the earth and all the living beings living on it and work for them. The God made the man "to rule the fish of the sea and the birds of the air and over every living creature that moves on the ground. (Genesis 1:25). God created man in his image and likeness. So man should love and take care of the nature as God loves and take care of it. God alone is Holy, the universe in which the God dwells should also be kept Holy. The Universe is not for the exploitation of human being. God has placed man as a priest for all living beings who plays an important role of interceder. The whole creation can attain fullness only with the care and help of man. The love and inimmitabiling of God can be understood through the beauty of nature. According to Basellius the great; the whole creation is in their journey to wholeness. But the deterioration of creation by the activities of man has become a hindrance for attaining the wholeness of all creation. The Christs sacrifice on the cross was not, only for the man, but also for the liberation of whole creation.

**Sustainable Development :**

Development means progress, betterment, growth etc. Any development which neglect environment is sure to fail. Development should always be in favour of environment. "Sustainable development is the development that meets the need of the present without compromising the ability of future generations to meet their own needs". There are many ways for sustainable development some are as follows:-

- A system should be there to ensure self control and efficiency to attain self sufficiency.
- Development activities, which are damaging the environment should be avoided.
- Reuse, Recycle and Reduce should be taken seriously to save our earth from great disaster.
- Environmental issues should be taught in the school and educational sectors.
- Spread awareness about the environmental issues through orientation classes and seminars.
- Encourage eco-friendly activities.

**Conclussion:**

In this age of globalization, the meaning of love thy neighbor as you love yourself; is always understood as an instruction to love human beings. The destruction of nature means the survival of human beings are in danger. So "The Lord took the man and put him in the garden Eden to work in it and take care of it". ■





# ദൈവമേ നിന്റെ സ്നേഹം.

സിസ്റ്റർ. ലൂദിയ

ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ ധർമ്മമാണ് ഇത്രയും വിലയേറിയ ഒരു ജന്മം എനിക്കു തന്ന സൃഷ്ടാവിനെ തിരിച്ചറിഞ്ഞ് അവിടുത്തെ സ്നേഹിക്കുക എന്നത്. ഈ തിരിച്ചറിവ് എന്നു പറയുന്നത് ദൈവദത്തമാണ്. ദൈവമില്ല എന്ന് വിശ്വസിക്കുന്ന മനുഷ്യരുടെ ഇടയിലാണ് നാം ജീവിക്കുന്നത്. എന്നാൽ മറ്റുള്ളവർ എന്തു പറയുന്നു എന്നതിലല്ല ഞാൻ എന്തു പറയുന്നു എന്നതിനാണ് പ്രാധാന്യം. എല്ലാവരിലും ദൈവം ഉണ്ടായിട്ട് എന്നിൽ ദൈവത്തെ കണ്ടെത്തുവാൻ ശ്രമിക്കുന്നത് അത്ര ശരിയാവണം എന്നില്ല. ക്രിസ്തു തന്റെ ശിഷ്യന്മാരോട് ഞാൻ ആരാണെന്നാണ് "നിങ്ങൾ പറയുന്നത്" എന്നു ചോദിച്ചപ്പോൾ "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു" എന്ന് പത്രോസ് ഉത്തരം പറഞ്ഞു (വി. മത്താ.16;16) ജഡരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ പിതാവത്രെ ഇത് വെളിപ്പെടുത്തിയത് എന്ന് യേശു പറയുന്നു. അപ്പോൾ വെറും പുറമെയുള്ള ഒരു അറിവിലൂടെ ദൈവത്തെ തിരിച്ചറിയുക സാദ്ധ്യമല്ല. അതിന് ദൈവീകകൃപ നമ്മിൽ പ്രവർത്തിക്കുമ്പോഴാണ് ആ തിരിച്ചറിവ് നമ്മിൽ ഉണ്ടാകുന്നത്.

ദൈവം മനുഷ്യനെ എങ്ങനെയാണ് സ്നേഹിക്കുന്നത്?

ദൈവം സ്നേഹമാകുന്നു. ലോകസ്ഥാപനത്തിനമുമ്പേ ദൈവം സ്നേഹമായിരുന്നു. പ്രപഞ്ചസൃഷ്ടിയ്ക്കു പിന്നിലെ പരമരഹസ്യം അതായിരുന്നു. ലോകസ്ഥാപനത്തിനുമുമ്പേ ഒരു കുടുംബം ഉണ്ടായിരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ കുടുംമ്പം. ഒരു സ്നേഹസാമ്രാജ്യം. എന്നാൽ ആ സ്നേഹം അവർ തന്നെ അനുഭവിക്കുവാൻ ആഗ്രഹിച്ചില്ല. കാരണം ദൈവം സ്നേഹമായതുകൊണ്ടു തന്നെ. അവിടുത്തെ സ്നേഹത്തിന്റെ പ്രകടനമായിരുന്നു ലോക സൃഷ്ടി. താൻ ഉണ്ടാക്കുവാനിരിക്കുന്ന സൃഷ്ടിയ്ക്കു പിന്നിൽ മഹത്വകരമായ ഒരു വലിയ മിഷൻ ഉണ്ടായിരുന്നു. ഇവയെല്ലാം അനുഭവിക്കുവാനും ഇതിനെയെല്ലാം നിയന്ത്രിയ്ക്കുവാനുമായി എല്ലാ സൃഷ്ടിയുടെയും മകുടമായ മറ്റൊരു സൃഷ്ടി. മനുഷ്യൻ. സൃഷ്ടിയുടെ പൂർത്തീകരണം മനുഷ്യന്റെ സൃഷ്ടിയിലൂടെയായിരുന്നു. ദൈവം തന്റെ സ്വന്ത രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ഏദനിലെ കളങ്കമേല്ക്കാത്ത മണ്ണെടുത്ത് കുഴച്ച് രൂപലാവണ്യമുള്ള മനുഷ്യനെ ദൈവം സൃഷ്ടിച്ചു. മണ്ണായിക്കിടന്ന ആ രൂപത്തിലേക്ക് ദൈവം തന്റെ ജീവശ്വാസം ഊതിവിട്ടു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും കൈകളാൽ പുതിയ സൃഷ്ടി ആലോചിക്കപ്പെട്ടു. പറുദീസായിലേക്ക് കടന്നുവന്ന സൃഷ്ടിയെ കണ്ട് സൃഷ്ടാവ് ഉറ്റുനോക്കി. ഒരു കുടുംമ്പത്തിലേക്ക് ഒരു ശിശു പിറന്നു വീഴുമ്പോൾ ഉള്ള സ്നേഹത്തേക്കാളുപരി ഏദെൻ പറുദീസയിലെ പരിശുദ്ധ കുടുംബം ആഹ്ളാദിച്ചു. പുതിയ വ്യക്തിയെ അവർ പരസ്പരം കൈമാറി. ആ കുടുംബം സ്നേഹത്തിൽ മുങ്ങിത്താണു. സ്നേഹത്തിലും ഐക്യത്തിലും ഒരുമിപ്പിലുമായിരുന്ന ത്രിത്വം, ദൈവസ്നേഹം, സൃഷ്ടിയുടെ മകുടമായ മനുഷ്യനെ ആരാധിച്ചു. അവന് പേരു നൽകി. അവരുടെ ഹൃദയത്തിൽ സ്ഥാനം നൽകി. മറ്റുള്ള സൃഷ്ടികൾക്കെല്ലാം അവനെ അധിപതിയാക്കി. ദൈവം ആഗ്രഹിച്ച കുടുംബം. നാളുകൾ കഴിഞ്ഞു, വീണ്ടും ദൈവത്തിന്റെ മനസ്സിൽ ഒരു ചിന്ത ഉയർന്നു, മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, കാരണം സ്നേഹം പങ്കുവയ്ക്കുവാൻ ജീവിതം പകർന്നേകുവാൻ ആളുവേണം. സനേഹമായ ദൈവം ആദമിന് ഒരു തുണയെ നൽകി, സ്നേഹത്തിൽ നിന്നും അടർത്തിയെടുത്ത് ഹൗവ്വയെ സൃഷ്ടിച്ചു സ്നേഹം പകർന്നേകുവാൻ ആദമിനു നൽകി.

"വാനവരിടയിലസൂയാ ദോഷം പാടുണ്ടെങ്കിൽ

മാനുഷസുതരോടക്രൂബേന്മാർക്കുണ്ടതു നൂനം" അന്ന് ദൈവം മനുഷ്യരെ സ്നേഹിക്കുന്നതിൽ മാലാഖമാർ അസൂയാലുക്കൾ ആയിരുന്നു കാരണം ദൈവം അത്രയ്ക്കും മനുഷ്യനെ സ്നേഹിച്ചു. മനുഷ്യനു കൊടുത്ത സ്ഥാനവും മാനവും ദൈവസന്നിധിയിൽ അനവരതം സ്തുതി പാടിക്കൊണ്ടിരുന്ന മാലാഖമാർക്കുള്ളതിൽ അധികമായിരുന്നു.അവർക്ക് അസൂയതോന്നി

ഇന്നോ ? അതേ മനുഷ്യൻ സ്വർഗ്ഗീയ ത്രോണോസിലെ ആരാധന ഭൂമിയിൽ നടത്തുമ്പോൾ മനുഷ്യരോടുള്ള സ്നേഹത്തെപ്രതി കാൽവരിയിലെ പരമയാഗം ബലഹീനരായ വൈദീകരാൽ നടത്തപ്പെടുമ്പോൾ, അപ്പവീഞ്ഞുകൾ കൈകളിലെടുത്ത് തിരുശരീരരക്തങ്ങളായി മാറ്റി വിശ്വാസികൾക്ക് പകർന്നേകുമ്പോൾ പിതാവും പുത്രനും പരിശുദ്ധറൂഹായും ത്രോണോസിൽ ആഗതരായിരിക്കുമ്പോൾ, സ്വർഗ്ഗത്തിലെ സകല സൈന്യങ്ങളും ത്രോണോസിനു ചുറ്റും ഭയന്നു വിറച്ചു നിൽക്കുമ്പോൾ, മനുഷ്യരോടുള്ള ഈ സ്നേഹത്തെ പ്രതി മാലാഖമാർക്ക് അസൂയ തോന്നാം. ദൈവമേ അവിടുത്തെ സ്നേഹം എത്ര മധുരമേറിയതാണ്, തിരിച്ചറിയുവാൻ ശക്തിതന്നാലും.

ദൈവം മനുഷ്യനു കൊടുക്കുന്ന സ്നേഹത്തിലും സ്ഥാനത്തിലും അസൂയാലുവായ മാലാഖ, ദൈവത്തോട് ഏറ്റവും അടുത്ത് നിന്ന് ദൈവത്തെ അനവരതം സ്തുതിച്ചുകൊണ്ടിരുന്ന  അഗ്നിധാരികളായ മാലാഖ, ദൈവസന്നിധിയിൽ നിന്നും മനുഷ്യനെ അകറ്റുവാൻ ആഗ്രഹിച്ചു.  ദൈവത്തെക്കാൾ ഉയരുവാൻ ശ്രമിച്ച മാലാഖ,   ദൈവകല്പന ലംഘിക്കുന്നതിലൂടെ മനുഷ്യനെ ദൈവസാന്നിദ്ധ്യത്തിൽ നിന്നും അകറ്റാം എന്ന് ചിന്തിച്ചു. അതിനായി ഹൗവ്വയുടെ അരികിലെത്തി അരുതെന്ന് ദൈവം കല്പിച്ചിരുന്ന ഫലം തിന്നുവാൻ പ്രലോഭിപ്പിച്ചു.   ഏദെനിലെ കുടുംബത്തിലെ ആ അന്തരീക്ഷത്തിന്  വ്യത്യാസം വരുത്തി, എന്നാൽ മനുഷ്യവർഗ്ഗത്തോടുള്ള ദൈവസ്നേഹത്തിന് കുറവു സംഭവിക്കുന്നില്ല. ഏദെനിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യനെ ദൈവം ഒരു സമയത്തും ഉപേക്ഷിച്ചില്ല. വീണ്ടും ആദമിന്റെ കുടുംബത്തിൽ സാത്താൻ പ്രവർത്തിക്കുകയാണ്. ആദമിന്റെ മക്കളായ കായേനെയും ഹാബേലിനെയും ദൈവം സ്നേഹിച്ചു. ഇരുവരും ദൈവത്തിന് അർപ്പിച്ച കാഴ്ചയിൽ, പൂർണ്ണമായ മനസ്സോടെ ഹാബേൽ അർപ്പിച്ച ബലിയിൽ ദൈവം പ്രസാദിച്ചു, കായീന്റെ ബലി അത്ര തൃപ്തികരമല്ലായ്കയാൽ ദൈവം അവനോട് നീ ചെയ്യുന്നത് നല്ലതായി നന്മയായി ചെയ്യുക എന്നാൽ ദൈവം നിന്റെ കാഴ്ചയിലും പ്രസാദിക്കും എന്ന് സ്നേഹത്തോടെ പറയുമ്പോൾ സാത്താൻ കായീന്റെ മനസ്സിൽ തെറ്റായ ചിന്തകൾ നിറച്ച് അവിടെ വൈരാഗ്യത്തിന്റെയും അക്രമത്തിന്റെയും വേരുകൾ നട്ട് ആ കുടുംബത്തിന്റെ ഭദ്രത മാറ്റിമറിയ്ക്കുകയാണ്. അങ്ങനെ ആദ്യത്തെ കൊലപാതകം ഭൂമിയിൽ നടന്നു. നിഷ്കളങ്ക രക്തം ഭൂമിയിൽ വീണു നിലവിളി ഉയർന്നു. എന്നാൽ പാപത്തിന്റെ തീവ്രതയിലേക്ക് കയീനെ തള്ളി വിട്ട സാത്താന് അവന്റെ മനസ്സിന് ശാന്തത നൽകാൻ കഴിഞ്ഞില്ല. കയീൻ യഹോവയോട്, എന്റെ കുറ്റം പൊറുപ്പാൻ കഴിയുന്നതിനെക്കാൾ വലിയതാകുന്നു, ഇതാ നീ ഇന്ന് എന്നെ ആട്ടികളയുന്നു, ഞാൻ തിരുസന്നിധിവിട്ട് ഒളിച്ച് ഭൂമിയിൽ ഉഴലുന്നവനാകും, ആരെങ്കിലും എന്നെ കണ്ടാൽ എന്നെ കൊല്ലും എന്നു പറഞ്ഞു. (ഉല്പ.4;13) കയീന് അവന്റെ ദുഃഖം പറയുവാൻ സാത്താൻ അവനെ കാത്തു നിന്നില്ല. പ്രശ്നം സൃഷ്ടിച്ച് കടന്നു കളയുവാനല്ലാതെ സാത്താൻ ആർക്കുവേണ്ടിയും മെനക്കെടാറില്ല. ഇവിടെയാണ് ദൈവസ്നേഹം ഇറങ്ങിവരുന്നത്. കയീനെ ആരും കൊല്ലാതിരിക്കുവാൻ ദൈവം ഒരു അടയാളം അതെ സ്നേഹത്തിന്റെ അടയാളം കൊടുക്കുന്നു. പുത്രനാം ദൈവം കാൽവറിയിൽ തൂകിയ രക്തം അത് സഹോദരഘാതകനായ കയീനോടുള്ള സ്നേഹത്തിന്റെ അടയാളമായിരുന്നു.  ഇത് ഭൂമിയിലുള്ള ഓരോ കുടുംബത്തോടുമുള്ള സ്നേഹത്തിന്റെ അടയാളമാണ്.

വിശുദ്ധ വചനം മുഴുവനും ഈ സ്നേഹത്തിൽ നിറഞ്ഞു നിൽകുകയാണ്. വി. ലൂക്കോ 15.11;32 ൽ നാം കാണുന്നു വേറൊരു കുടുംബത്തിൽ ഇറങ്ങിവരുന്ന ദൈവസ്നേഹം. അപ്പാ വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്ക് തരേണമെ. ഈ ലോകത്തിലെ പങ്കുവാങ്ങി കടന്നു പോകുന്ന വേറൊരു മകൻ. എല്ലാം നഷ്ടപ്പെട്ട് എല്ലാം നശിപ്പിച്ച് നിസ്സഹായനായ അവനും പോകാൻ അല്പം ആശ്വാസം കണ്ടെത്തുവാൻ വേറെ എങ്ങും ഇല്ലായിരുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അപ്പനോട് അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു ഇനി നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല എന്നു പറയും എന്നു വിചാരിച്ച് യാത്ര തിരിച്ചു. എന്നാൽ അവനായി കാത്തിരുന്ന പിതാവിന്റെ സ്നേഹം അവന്റെ ഹൃദയത്തിലെ നിരൂപണങ്ങൾ തിരിച്ചറിഞ്ഞ പിതൃ സ്നേഹം ഒരു വാക്ക് പറഞ്ഞു കേൾക്കാൻ കാത്തുനിൽക്കാതെ ഓടിച്ചെന്ന് അവനെ മാറോടണച്ചു. ചീഞ്ഞളിഞ്ഞു നാറുന്ന അവന്റെ വേഷമൊ നഷ്ടപ്പെടുത്തിയ അന്തസൊ മഹിമയൊ പിതാവിന്റെ സ്നേഹത്തിന് ഒരു പ്രശ്നമായിരുന്നില്ല. മറിച്ച് അവന് മഹത്വത്തിന്റെ വസ്ത്രവും അംഗീകാരത്തിന്റെ ചെരുപ്പും അധികാരത്തിന്റെ, പുത്രത്വത്തിന്റെ മുദ്രമോതിരവും നൽകി സ്വീകരിച്ചു.

ഭൂമിയിലെ ഓരോ കുടുംബങ്ങളും ദൈവസ്നേഹം ഇറങ്ങി വരുന്ന പറുദീസാകളാണ്. എന്നാൽ ദൈവസാന്നിദ്ധ്യത്തിൽ നിന്ന് അകറ്റുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സാത്താൻ ഇന്നും ജാഗരൂകനാണ്. ദൈവം മനുഷ്യനു കൊടുത്ത കൊടുക്കുവാനിരിക്കുന്ന സ്ഥാനം അത് ഇന്നും സാത്താൻ ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് എങ്ങനെയും അവിടേയ്ക്ക് മനുഷ്യനെ എത്തിക്കാതിരിക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത്. മനുഷ്യഹൃദയങ്ങളിൽ അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടെയും അസൂയയുടെയും ഞാൻ എന്ന ഭാവത്തിന്റെയും മറ്റെല്ലാ തിന്മകളുടെയും ആഗ്രഹം നിറച്ച് മനുഷ്യനെ വീഴ്ത്തുക എന്ന വേലയിൽത്തന്നെയാണ് എപ്പോഴും സാത്താൻ. കുടുംബങ്ങളിൽ മാത്രമല്ല സമൂഹത്തിലും സഭയിലും എവിടെയും നാം കാണുന്ന എല്ലാ അനീതിയുടെയും പിന്നിൽ സാത്താന്റെ പ്രലോഭനങ്ങളാണ്. അവൻ ഒന്നു മാത്രമെ പറയുന്നുള്ളു ഈ ഫലം തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും. ഇതിൽ ആരാണ് വീണുപോകാത്തത്. ദൈവത്തെപ്പോലെയാകുക നല്ല

> ***" മണമിറ്റിച്ച് പൂക്കളും നിറം ചാലിച്ച് തളിരും മധുരം നിറച്ച് പഴങ്ങളും നാം കേടാക്കിയ ലോകത്തെ നല്ലതാക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട്. മഴ കഴുകുന്നുണ്ട്, കാറ്റ് തുടച്ചുവയ്ക്കുന്നുണ്ട് കണ്ടിട്ടുണ്ടോ, നാളേയ്ക്കുള്ളത് ഉണക്കി സൂക്ഷിക്കുന്ന തിരക്കിലല്ലാതെ വെയിലിനെ".***



കാര്യമല്ലെ? ഇന്ന് മനുഷ്യവർഗ്ഗം മുഴുവനും ആഗ്രഹിക്കുകയാണ് ദൈവത്തെപ്പോലെ ആകുവാൻ. ഒന്ന് വിനയപ്പെടുവാൻ ഒരു വാക്കിന് വിട്ടുകൊടുക്കുവാൻ ഒന്നു ക്ഷമിക്കുവാൻ ആരാണ് ആഗ്രഹിക്കുന്നത്? ആരും തയ്യാറാകുന്നില്ല അങ്ങനെയായാൽ അത് എന്റെ ബലഹീനതയല്ലെ എന്നാണ് എല്ലാവരും കരുതുന്നത്. സാത്താൻ ഇതിൽ എത്രമാത്രം സന്തുഷ്ടനാണെന്ന് പറയേണ്ട കാര്യമില്ല. അവന്റെ ആഗ്രഹവും അതുതന്നെയാണ്. എന്നാൽ ഉയർച്ചമാത്രം ആഗ്രഹിച്ച, ദൈവസിംഹാസനത്തിനുമീതെ വാഴുവാനാഗ്രഹിച്ച മാലാഖയുടെ വീഴ്ചയും പ്രതികാരവാഞ്ചയുമാണ് ഇതിന്റെ പിന്നിലെന്ന് മനുഷ്യൻ തിരിച്ചറിയുവാൻ കാലം അതിക്രമിച്ചിരിക്കുകയാണ്. ,,നിന്റെ ആഡംബരവും വാദ്യഘോഷവും പാതാളത്തിലേക്ക് ഇറങ്ങിപ്പോയി, നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു, കൃമികൾ നിനക്ക് പുതപ്പായിരിക്കുന്നു. അരുണോദയപുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തുനിന്നു വീണു, ജാതികളെ താഴ്ത്തിക്കളഞ്ഞവനേ നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു, ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും. ഉത്തര ദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലൊ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക് നാശകൂപത്തിന്റെ അടിയിലേക്ക് തന്നെ വീഴും,, (യെശ.14.11;17)

തുടർന്നുള്ള ഭാഗങ്ങളിലേക്ക് നാം കടന്നുപോകുമ്പോൾ തന്നത്താൻ ഉയരുവാൻ ശ്രമിക്കുന്നതിന്റെ ഫലം എത്ര കഠിനമാണെന്ന് തിരിച്ചറിയുവാൻ സാധിക്കും.

ഇവിടെയാണ് ദൈവസ്നേഹത്തിന്റെ മഹത്വം നാം തിരിച്ചറിയേണ്ടത്. സ്വർഗ്ഗത്തിലെ മഹത്വം വിട്ട് നിന്ദിക്കപ്പെട്ടവനായി, പരിഹസിക്കപ്പെട്ടവനായി, വിനയത്തിന്റെയും, താഴ്മയുടെയും, ദീർഘക്ഷമയുടെയും പാതയിലൂടെ മരണത്തോളം ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി ഇറങ്ങിവന്ന് മനുഷ്യനായി മനുഷ്യരുടെ ഇടയിൽ വസിച്ച് സ്നേഹത്തിന്റെ ഊഷ്മള സൗരഭ്യം പകർന്നു തന്ന്, പാപികളെയും ദോഷികളെയും തെറ്റുകാരെയും കുറ്റക്കാരെയും പുറജാതികളെയും ആ സ്നേഹവലയത്തിലാക്കി സകലമനുഷ്യർക്കും വേണ്ടി ഒരു കുഞ്ഞാടിനെപ്പോലെ കാൽവറിക്രൂശിൽ പിടഞ്ഞു പിടഞ്ഞു ബലിയായിത്തീർന്ന പുത്രൻ തമ്പുരാൻ ദൈവസ്നേഹത്തിന്റെ അഗ്നിഗോളമായിരുന്നു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മനുഷ്യന് കഴിയുന്നില്ലെങ്കിൽ കാൽവറിയിലെ യാഗത്തിന് എന്തുവില, ഒരു ജന്മംകൊണ്ട് എന്തു പുണ്യം. ഒരിക്കൽ മാത്രം യാത്ര ചെയ്യുന്നവഴി, തിരിച്ചു വരവില്ല പിന്നീടെന്ന് ചിന്തിക്കാനം ഒക്കില്ല. പിന്നെ എന്താണ് തടസ്സം. സ്നേഹിക്കാം എല്ലാവരെയും ആത്മാർത്ഥമായി. സാത്താന്റെ ഉയരുവാനുള്ള ഭാവത്തോടെയല്ല ക്രിസ്തുവിന്റെ വിനയത്തിന്റെ ഭാവത്തോടെ സ്നേഹിക്കാം. നിമിഷങ്ങൾ അടർന്നുവീഴുന്നു, ജീവിതത്തിന്റെ തിരശീലയും അതുപോലെ. നിലനിൽക്കുന്നതൊ ഒന്നുമാത്രം

ദൈവത്തെയും
സമസൃഷ്ടങ്ങളെയും സ്നേഹിക്കാം.
ദൈവമേ! നിന്റെ സ്നേഹം
ഹാ! എത്ര മധുരം.
രുചിച്ചറിയുവാനും പകരുവാനും കൃപ
നൽകിയാലും.

■





# കുരിശ്

ഫാ. കെ. വി. ഏലിയാസ്

ക്രി. വ. നാലാം നൂറ്റാണ്ടു മുതലെങ്കിലും ക്രിസ്ത്യാനികളുടെ മുദ്രയായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു പ്രതീകമാണ് കുരിശ്. അതിനുമുമ്പ്  കടുത്ത കുറ്റവാളികളെ ശിക്ഷിക്കുവാനായി ഉപയോഗിച്ചിരുന്ന ഉപകരണമായിരുന്നു കുരിശ്. എന്നാൽ റോമാ ചക്രവർത്തിയായിരുന്ന കുസ്തന്തീനോസ് ക്രൂശീകരണം വഴിയുള്ള ശിക്ഷയെ അവസാനിപ്പിച്ച് കുരിശിനെ ദൈവപുത്രനായ മ്ശിഹായുടെ അടയാളമായി പ്രതിഷ്ഠിച്ചു. അങ്ങനെ അതുവരെ അപമാനത്തിന്റെ അടയാളമായിരുന്ന കുരിശ് പ്രശംസയുടെ മുദ്രയായി. ഈ സംഭവം സ്ലീബായുടെ കുക്കിലിയോനിലെ കോലോ ആയി നാം പാടുന്നുണ്ട് (സ്ലീബായെ വന്ദിപ്പാനായ്....) സ്ലീബാ പെരുന്നാളിന്റെ പിന്നിലെ ചരിത്രമായി നാം മനസ്സിലാക്കുന്നതും ഈ സംഭവമാണ്.

നാലാം നൂറ്റാണ്ടിലാണ് കുരിശ് സഭയുടെ അടയാളമാകുന്നതെങ്കിൽ അതിനുമുമ്പ് എന്തായിരുന്നു ക്രിസ്ത്യാനികളുടെ അടയാളം എന്ന് സംശയം ഉണ്ടാകാം. അതിനുത്തരം 'മത്സ്യം' എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നതനുസരിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവ് ഗലീല കടൽതീരത്തുവച്ച് (തിബെര്യാസ്) ശിക്ഷ്യന്മാർക്ക് കഴിക്കുവാൻ കൊടുത്തത് മീനും അപ്പവും ആയിരുന്നു (21:9-12). മാത്രവുമല്ല മത്സ്യം എന്നതിന്റെ യവനപദം 'ഇഖ്ഥൂസ്' എന്നാണ് (മത്താ. 7:10, മർക്കൊ. 6:38, 1 കൊരി.15:39). ഇതിലെ അഞ്ചക്ഷരങ്ങൾ വിപുലീകരിച്ചാൽ 'യേശുക്രിസ്തു ലോകരക്ഷിതാവായ ദൈവം' എന്നർത്ഥമുള്ള വാക്യമാകും. അതുകൊണ്ട് മത്സ്യം ലോകരക്ഷയുടെ, രക്ഷകനായ ക്രിസ്തുവിന്റെ അടയാളമായി യഹൂദന്മാരാലും റോമാ ഭരണാധികാരികളാലും ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളുടെ അടയാളമായി. പീഢനമവസാനിപ്പിച്ചശേഷം മാത്രമാണ് നിന്ദയുടെ അടയാളമായ കുരിശ് സ്വീകരിക്കപ്പെടുന്ന അടയാളമായി.

ക്രിസ്തുവിന്റെ മരണം കുരിശിലായിരുന്നുവെന്ന സുവിശേഷപരാമർശമാണ് ക്രിസ്ത്യാനിക്ക് കുരിശ് സ്വീകാര്യമാകുന്നതിന്റെ അടിസ്ഥാനം. അപ്പോഴും കുരിശിന്റെ രൂപം എന്തെന്നത് സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭ്യമല്ല. പൊതുവെ നാം മനസ്സിലാക്കിയിട്ടുള്ളത് ലംബമായൊരു തടിയിൽ അതിന്റെ ഒരറ്റത്തുനിന്ന് മൂന്നിലൊന്ന് ഭാഗം താഴെ തിരശ്ചീനമായി മറ്റൊരു തടി വച്ചാൽ കിട്ടുന്ന രൂപമാണ് കുരിശ് എന്നാണ്. നമ്മുടെ ദേവാലയങ്ങളുടെ മുകളിലും, വി. മദ്ബഹാ, നമസ്ക്കാര മേശ എന്നിവിടങ്ങളിലെല്ലാം ആ രൂപമാണ് നാം ഉപയോഗിക്കുന്നതും. കുരിശിന്റെ ചുവട്ടിൽ സൗകര്യപ്രദമായി വയ്ക്കുവാനുതകുംവിധത്തിൽ ചില ചേർക്കലുകളുമുണ്ട്. പരസ്യകലകളിലും ഛായാചിത്രങ്ങളിലുമൊക്കെ ചിരപരിചിതമായ ഈ രൂപമാണ് കുരിശ് എന്നുകേൾക്കുമ്പോൾ നമ്മുടെ ബോധമനസ്സിൽ തെളിയുക.

യേശുക്രിസ്തുവിനും മുമ്പ് 4/3 നൂറ്റാണ്ടുകളിൽ പാർസിരാജാക്കന്മാർ ഉപയോഗിച്ചിരുന്നതും, പിന്നീട് റോമാ സർക്കാർ അല്പം വ്യത്യാസപ്പെടുത്തി ഉപയോഗിച്ചിരുന്നതുമായ കുരിശ് ഇങ്ങനെയുള്ളതായിരുന്നില്ല. യവനപദമായ 'സ്റ്റൗറോസ്' അല്ലെങ്കിൽ ലത്തീൻ പദമായ 'ക്രക്സ്' എന്നപദം കൊണ്ടു സൂചിപ്പിക്കുന്ന കുരിശ് നീളത്തിലുള്ള ഒരു മരത്തടി മാത്രമാണ്. ശിക്ഷിക്കപ്പെടുന്നവരെ നീളത്തിലുള്ള ഒരുമരത്തിൽ കയറുകൊണ്ടോ മറ്റോ കെട്ടിയിട്ട് കൈകൾ രണ്ടും മുകളിലേ

**" പത്ത് കിണറുകൾക്ക് തുല്യം ഒരു കുളം, പത്ത് കുളങ്ങൾക്ക് തുല്യം ഒരു കയം, പത്ത് കയങ്ങൾക്ക് തുല്യം ഒരു പുത്രൻ, പത്ത് പുത്രന്മാർക്ക് തുല്യം ഒരു മരം ".**

യ്ക്കുയർത്തി (തലയ്ക്കു മുകളിൽ) തടിയോടു പിണച്ചു കെട്ടുകയാണ് ക്രൂശീകരണത്തിൽ ചെയ്യുന്നത്.




യേശുക്രിസ്തുവിനെ കുരിശിൽ തറയ്ക്കുവാൻ കൊണ്ടുപോകുമ്പോൾ കുറേനക്കാരൻ ശീമോൻ താങ്ങിക്കൊടുത്ത്, യേശു ചുമന്ന കുരിശ് ഈ ഒറ്റത്തടി മാത്രമെന്നാണ് വേദപുസ്തക വ്യാഖ്യാതാക്കൾ, അക്കാലത്തെ രീതിയുമായി താരതമ്യം ചെയ്തുകൊണ്ട് അഭിപ്രായപ്പെടുന്നത്. ക്രൂശിൽ തറയ്ക്കും മുമ്പ്, മറ്റൊരു തടിയോടു ചേർത്ത് ഇംഗ്ലീഷ് അക്ഷരമാലയിലെ 'T' എന്ന അക്ഷരരൂപത്തിൽ ഒന്നുണ്ടാക്കിയെന്ന് പറയുന്നവരുമുണ്ട് (യവനഭാഷയിലെ തൗ T എന്നയക്ഷരമെന്നും പറയാം). ഏതായിരുന്നാലും നാം പൊതുവെ കുരിശെന്ന് കേൾക്കുമ്പോൾ ഉള്ളിൽ തെളിയുന്ന രൂപമല്ല അത് എന്ന് കാര്യത്തിൽ പണ്ഡിതർ ഏകാഭിപ്രായക്കാരാണ്.

ഇന്ന് പൗരസ്ത്യ സഭകൾ ഉപയോഗിക്കുന്ന കുരിശ് മുമ്പ് സൂചിപ്പിച്ചപോലുള്ള ലംബമായും തിരശ്ചീനമായും ഉള്ള രണ്ടു ദണ്ഡുകൾ ലംബമായതിന്റെ മുകളിൽ നിന്ന് മൂന്നിലൊരുഭാഗം താഴെ തിരശ്ചീനമായത് പിടിപ്പിച്ച രൂപത്തിലുള്ളതാണ്. ഈ കുരിശടയാളത്തിന്റെ ചില അർത്ഥതലങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം. ക്രിസ്ത്യാനിയെ സംബന്ധിച്ച് കുരിശ് ക്രിസ്തുവിന്റെ തന്നെ അടയാളമാണ്. ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെയും. 1 പത്രോ. 2:24-25 വാക്യങ്ങളിൽ പറയുന്നതനുസരിച്ച്, കുരിശ് ക്രിസ്തീയ വിശ്വാസത്തിന്റെ ആധാരമാണ്. അത് നശിച്ചുപോകുന്ന പാപികളോടുള്ള ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അടയാളമാണ്. ദൈവനീതിയെ ഒരുവൻ കണ്ടെത്തുന്നത് കർത്താവിന്റെ കുരിശിലാണ്. പാപത്താൽ വന്നുഭവിച്ച സകല മുറിവുകളും രോഗങ്ങളും കുരിശാൽ സൗഖ്യമാക്കപ്പെടും.

ഒരു ന്യായശാസ്ത്രിയുമായുള്ള നിത്യജീവൻ സംബന്ധിച്ച സംവാദത്തിൽ (ലൂക്കൊ. 10:25 മു.) സുവിശേഷകൻ കുരിശിനെ ബന്ധങ്ങളുടെ പൂർണ്ണതയായി വിവരിക്കുന്നു. ദൈവ-മനുഷ്യബന്ധം ലംബമായ തടിയും സൃഷ്ടികൾ തമ്മിലുള്ള ബന്ധം തിരശ്ചീനഭാഗമായും (വേദഭാഗത്തെ സംഭാഷണത്തിൽ ദൈവത്തെ.... സ്നേഹിക്കുക, അയൽക്കാരനെ സ്നേഹിക്കുക - ഇതുരണ്ടും സാധ്യമായാൽ നിത്യജീവൻ ലഭിക്കുമെന്ന് കർത്താവ്) മനസ്സിലാക്കുമ്പോൾ ബന്ധങ്ങൾ ദൃഢമാകും പൂർണ്ണതയിലെത്തും എന്ന് മനസ്സിലാക്കുന്നു. ക്രിസ്തു പഠിപ്പിച്ചതും, വരവിന്റെ ലക്ഷ്യമായി പറഞ്ഞതും ഈ ബന്ധസ്ഥാപനത്തെക്കുറിച്ചാണല്ലോ. ഏദൻ തോട്ടത്തിൽ ഈ ബന്ധം നിലനിന്നിരുന്നു. അതു നഷ്ടമായത് പാപം വന്നപ്പോഴാണ്. പ്രവാചകന്മാർ ഇത് സ്വപ്നം കണ്ടിരുന്നു (യെക. 11:1-10).

സൃഷ്ടികഥയിൽ മനുഷ്യനെ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചതെന്ന് നാം വായിക്കുന്നു (ഉല്പ. 1:26-27) നാം ഒന്ന് കൈകൾ ഇരുവശങ്ങളിലേക്കും വിരിച്ച് കാൽ നിലത്തൂന്നി തലയുയർത്തി എഴുന്നേറ്റുനിൽക്കുക. അത് ഒരു കുരിശുരൂപമല്ലേ? ഈ മണ്ണിൽ ഉയരങ്ങളിലേയ്ക്കു കണ്ണുകളുയർത്തി (വി. കുർബ്ബാനയിലെ ബോധങ്ങളും വിചാരങ്ങളും..... എന്ന ആഹ്വാനവും മറുപടിയും ശ്രദ്ധിക്കുക) നിൽക്കുമ്പോൾ ലംബം ശരിയായില്ലേ? ഇരുവശങ്ങളിലേയ്ക്കും നീട്ടപ്പെടുന്ന കൈകൾ ഈ പ്രപഞ്ചത്തെ, ദൈവസൃഷ്ടിയെ ചേർത്തുനിർത്തുന്നതല്ലേ? അത് തിരശ്ചീനവുമായി ഒരു കുരിശടയാളം, ബന്ധങ്ങളുടെ ഇഴയടുപ്പം വർദ്ധിപ്പിക്കുന്ന, സൃഷ്ടി സൃഷ്ടാവുമായി ചേർന്നുനിൽക്കുന്ന, ചേർത്തുനിർത്തുന്ന രൂപം - കുരിശ്. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും ബന്ധങ്ങളുടെ പൂർണ്ണത.

ക്രിസ്തു കാൽവരിയിൽ വരിച്ച കുരിശ് ഇതാണ്. പാപം നഷ്ടപ്പെടുത്തിയ രൂപ-സാദൃശ്യത്തിന്റെ പുനരാവിഷ്കാരം അരുരഞ്ജനത്തിന്റെ കുരിശ്, മുറിച്ചു മാറ്റാതെ, ചേർത്തുനിർത്തുന്ന, ഒന്നാകുന്ന, സംരക്ഷിക്കുന്ന കുരിശ്. നാം ഇരിക്കേണ്ടത് ഈ കുരിശിന്റെ ചുവട്ടിലാണ്. നാം ആയിത്തീരേണ്ടത് ഈ കുരിശാണ്. നമ്മുടെ ആലംബം ഈ കുരിശാണ്. നമ്മുടെ രൂപം ഈ കുരിശാണ്. ഏദനിൽ ദൈവരൂപസാദൃശ്യമായി സൃഷ്ടിക്കപ്പെട്ട കുരിശ് പ്രവാചകന്മാർ സ്വപ്നം കണ്ട കുരിശ് തകർന്നപ്പോൾ കാൽവരിയിൽ പുനർനിർമ്മിക്കപ്പെട്ട കുരിശ് അത് നമ്മുടെ മുദ്രയായി മാറട്ടെ. ■



**" നാം വായിക്കുന്ന പുസ്തകങ്ങൾ മുമ്പ് എപ്പഴോ മരങ്ങളായിരുന്നു. അതുകൊണ്ട് തന്നെ, വായിക്കുന്ന ഓരോ പുസ്തകങ്ങൾക്കും പകരം നമുക്ക് മരങ്ങൾ നട്ട് പിടിപ്പിക്കാം ".**



## Priest Retreat

**Bhilai:** The Priest Retreat was held on 12th March 2019 to 14th March 2019 at St. Thomas Mission Chapel, Bhilai. The Chief Speaker was Fr.Dr. Jacob Kurian, former Principal of Orthodox Theological Seminary, Kottayam. On the second day of the Retreat H.G Dr. Joseph Mar Dionysius led a workshop on sacraments. Almost 40 priest, 4 nuns and 7 brothers attended the retreat.

## Golden Jubilee Celebration And Family Get-together At Parumala Seminary : Korba Church

**Parumala :** It was a historical Day of Mar Gregorios Orthodox Syrian church, Korba. As a part of Golden Jubilee Celebration, Family get-together held at Parumala Seminary Auditorium. Very Rev Bezalel Ramban was the chief guest of the function. All the former vicars of M.G.O.S church Fr.C.G Paulose , Very Rev. Fr. Dr. Samuel John Co- Episcopa, Fr. K.S George, Fr. Paul Thomas and our Present vicar Fr. Shaji P Joshua along with the trustee Mr. K.G Kurian, secretary Mr. Rajju Sam, Jubilee convenor Mr. Abraham Chacko were present during the function. As the token of Remembrance Ponnada was given to Ex-vicars, Ex-members and also honoured Very Rev Fr. Dr. Samuel John, Fr. C.G Paulsoe, Mr. K.C Mathew, Mr. C.I Philipose, Mr. K.A Samuel during the function.

## New Cross Shrine And Renovated Holy Altar of St.Thomas Orthodox Cathedral, Bhopal consecrated By H.G. Dr. Joseph Mar Dionysius.

**Bhopal :** The renovated Holy Sanctuary (Madbaha) and Duskudeesho of Bhopal St. Thomas Orthodox Syrian Cathedral, Diocese of Calcutta was consecrated and dedicated on 24th February 2019 by H.G. Dr. Joseph Mar Dionysius Metropolitan of Calcutta Diocese , Malankara Orthodox Syrian Church. Rev. Fr. Dr. Biju George Parackal, Rev. Fr. Jobin P. Abraham, Rev. Fr. Abraham Thomas, Rev. Fr. George C. Varghese graced the occasion.

## Consecrated the Renovated Holy Altar of St. George Orthodox Cathedral, Nagpur by H.G Dr. Joseph Mar Dionysius

**Nagpur :**The renovated holy Altar (Madbaha) of St. George Orthodox Cathedral, Nagpur was Consecrated by H.G Dr. Joseph Mar Dionysius on 3rd March 2019. The church was renovated under the leadership of the vicar Fr. K.I Varghese and the Managing Committee. Fr.Bijesh Philip, Principal St. Thomas Theological Seminary Nagpur, Fr. Aju K Varghese, treasurer of St. Thomas Mission center Bhilai, Former Vicars, and faculty of St. Thomas Theological Seminary Nagpur were present during the consecration. Public meeting was held after the consecration. As a part of 10th Episcopal Ordination anniversary of our thirumeni, we constructed a house for Mrs .Kantha Bhai worth Rs 2.5 Lahks and the key was handovered during the public meeting.

Blessing the house of Mrs. Kantha Bhai



## MGOCSM CCET Donated 20 Beds

Bhilai- The Students of MGOCSM CCET Unit donated 20 beds for the needy at the lepersy Colony, Sharda Para. MGOCSM CCET Unit President Fr. Aju K Varghese, Secretary Mr. Jeffin, Treasurer Mr. Rojan, CCET College Executive Vice- Chairman Fr. George C Varghese, Sr.Sara were present.

## Metropolitans Visited H.H Abune Mathias



**Addis Ababa :** Metropolitans H.G. Yakob Mar Elias of Brahmavar Diocese, H.G. Dr. Youhanon Mar Chrysostomos of Niranam Diocese and H.G. Dr. Joseph Mar Dionysius of Calcutta Diocese, visited H.H. Abune Mathias, Co-Patriarch and Catholicos of the Ethiopian Orthodox Tewahedo Church, at the Church Headquarters in Addis Ababa.

## Vaideeka Sangham Secretary

Fr. Geevarghese Varghese is appointed as the New Secretary of Vaideeka Sangham of Calcutta Diocese in place of Fr. K. I. Varghese. We appreciate the valuable service of Fr. K. I. Varghese the outgoing vice president of Vaideeka Sangham.



Fr. Geevarghese Varghese

## Martha Mariam Samajam

Fr. Anish Joseph Varghese is appointed as the New Vice President of Martha Mariam Samajam of Calcutta Diocese in place of Fr. Liju K. Ponnachan w.e.f. 01.04.2019 until further orders. We appreciate the valuable service of Fr. Liju K. Ponnachan the outgoing vice president of Martha Mariam Samajam.



Fr. Anish Joseph

## Sunday School

Fr. Lijo John is appointed as the New Vice President of Sunday School of Calcutta Diocese in place of Fr. John Jacob w.e.f. 10.03.2019 until further orders. We apprexciate the valuable service of Fr. John Jacob the outgoing Vice President of Sunday School.



Fr. Lijo John

## Dimapur MGM Students Achievements



**Dimapur:** The students of MGM School Dimapur Ms.Suhana (first rank holder of HSSLC, Commerce) and Ms. Shingke received certificate from the Governor of Nagaland Sri. Padmanabha Acharya at Raj Bhavan on 21st May 2019.

## രാജ്നന്ദ്ഗാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ രജത ജൂബിലി ആഘോഷം.



രാജ്നന്ദ്ഗാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം 25 വർഷം പൂർത്തീകരിച്ചു. രജതജൂബിലി ആഘോഷം മാർച്ച് 30ാം തീയതി രാവിലെ വികാരി ജോർജ്ജ് മാത്യു റമ്പാന്റെ കാർമ്മികത്വത്തിൽ വി. കുർബ്ബാന നടത്തി. വൈകിട്ട് നാലുമണിയോടു കൂടി സിൽവർ ജൂബിലിയുടെ ആഘോഷ ചടങ്ങ് കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്ത ആയ അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നിയാസോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടും അനുഗ്രഹകപൂർണ്ണമായ വചന സന്ദേശത്തോടും കൂടി സമാരംഭിച്ചു.

തദവസരത്തിൽ വിശിഷ്ട അതിഥികളായി റവ. ഫാ. ജോഷി വർഗ്ഗീസ്, റവ. ഫാ. അജു. കെ. വർഗ്ഗീസ്, റവ. ഫാ. ജോസ്. കെ. വർഗ്ഗീസ്, മിസ്റ്റർ. റോയ്മോൻ, മിസ്റ്റർ. ജോർജ്ജ് മാത്യു (കൗൺസിൽ മെമ്പറിന്റെ) എന്നിവരുടെ സാന്നിദ്ധ്യവും സഹോദരി ഇടവകയിലുള്ള റവ. ഫാദർ. ഷാജി, കാത്തലിക് ചർച്ച് രാജ്നന്ദ്ഗാവ്, റവ. ഫാദർ. മാത്യു നൈനാൻ മാർത്തോമ്മ ചർച്ച്, രാജ്നന്ദഗാവ്. ഉൾപ്പെടെ ഉള്ളവർ വചന സന്ദേശം തന്ന് അനുഗ്രഹപൂർണ്ണമാക്കി.

കാത്തലിക് ചർച്ച് രാജ്നന്ദഗാവ്, മാർത്തോമ്മ ചർച്ച്, രാജ്നന്ദഗാവ്, സെന്റ് സ്റ്റീഫൻ ഡൽഹിരാജ്ററയിലുള്ള എല്ലാ ഇടവക അംഗങ്ങളും പങ്കെടുത്തു.

സിൽവർ ജൂബിലി ആഘോഷ പരിപാടിയിൽ ഇടവകയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ട് നിർധനരായ 10 കുടുംബങ്ങളിലുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും വസ്ത്ര വിതരണം നടത്തി. വിദ്യാഭ്യാസത്തിന് നിവൃത്തിയില്ലാത്ത 5 കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസത്തിനു വേണ്ടി 5000 രൂപാ വീതം സ്കോളർഷിപ്പ്, ചെക്ക് മുഖേന അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നിയാസോസ് തിരുമേനിയുടെ കരങ്ങളാൽ വിതരണം ചെയ്യപ്പെട്ടു.

കലാപരിപാടികളും അതിനോടനുബന്ധിച്ച് സെന്റ്. മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, രാജ്നന്ദ്ഗാവ് ഗ്രൂപ്പിന്റെ മ്യൂസിക്കൽ ലൈറ്റ് എന്ന പേരിലുള്ള ഭക്തിഗാനങ്ങളോട് കൂടിയ ഗാനമേളയിൽ അനുഗ്രഹ പൂർണ്ണമായി ആഘോഷത്തിന് തിരശ്ശീല വീണു.

## കുടുംബ ബന്ധങ്ങൾ ദൃഢമാക്കാൻ കൂട്ടായ്മയിലേക്ക് വളരേണ്ടത് അനിവാര്യം: ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്.

യു.കെ: കുടുംബ ബന്ധങ്ങൾ ദൃഢമാക്കാൻ കൂട്ടായ്മയിലേക്ക് വളരേണ്ടത് അനിവാര്യമാണെന്ന് കൽക്കട്ട ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്. മലങ്കര ഇന്ത്യൻ ഓർത്തഡോക്സ് സഭ യു. കെ, യൂറോപ്പ്, ആഫ്രിക്ക ഭദ്രാസന 10 ാം മത് ഫാമിലി കോൺഫറൻസ് മിൽട്ടൺ കെയിൻസിൽ (മാർ മക്കാറിയോസ് നഗർ) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ പുരുഷാരത്തേയും ദൈവജനമാക്കികൊണ്ട് സമന്വയത്തിന്റെയും, സഹിഷ്ണുതയുടെയും പുതിയപാത രൂപീകരിക്കപ്പെടുത്താനും കൂട്ടായ്മക്കുള്ള പങ്ക് വളരെ നിർണ്ണായകമാണെന്നും തിരുമേനി ചൂണ്ടിക്കാട്ടി. യു. കെ, യൂറോപ്പ്, ആഫ്രിക്ക ഭദ്രാസനാധിപനും ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപോലീത്തായുമായ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസനത്തിന്റെ ആധ്യാത്മീക വളർച്ചയും ഇടവക ജനങ്ങൾ തമ്മിലുള്ള സൗഹൃദത്തിനും കൂട്ടായ്മയ്ക്കും കോൺഫറൻസ് വഴി ഒരുക്കട്ടെ എന്ന് തിരുമേനി അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. 10 വർഷത്തെ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ഭാഗവാക്കാകാനും കഴിഞ്ഞതിലുള്ള ആത്മസംതൃപ്തി തിരുമേനി പ്രകടിപ്പിച്ചു. തുടർന്നും എല്ലാ ഇടവക ജനങ്ങളുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്തു. മെത്രാഭിഷേകത്തിന്റെ ദശാബ്ദി ആഘോഷിക്കുന്ന ഭദ്രാസന മെത്രാപ്പോലീത്തായെ പൊന്നാട അണിയിച്ച് ആദരിച്ചു. ദശാബ്ദി ആഘോഷിക്കുന്ന ദീവന്നാസ്യോസ് തിരുമേനിയെ കോൺഫറൻസിൽ അനുമോദിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. ഫാ. ഹാപ്പി ജേക്കബ്, ഫാ. മാത്യൂസ് കുര്യാക്കോസ്, ഫാ. ഷോൻ മാത്യു, ഫാ. വർഗ്ഗീസ് മാത്യു, ഫാ. എബി ഫിലിപ്പ്, രാജൻ ഫിലിപ്പ്, ഡോ. സെൻ, ജേക്കബ് പൊടിമറ്റം, സൈമൺ ചാക്കോ, പി.എം. രാജു, സുനിൽ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. അവർക്ക് സമൃദ്ധിയായി ജീവൻ ഉണ്ടാകുവാനായിട്ട് ഞാൻ വന്നിരിക്കുന്നു (ജോൺ. 10:10) എന്നതായിരുന്നു കോൺഫറൻസിന്റെ ചിന്താവിഷയം. മേൽപ്പറഞ്ഞ വിഷയത്തെ ആസ്പദമാക്കി വചന പ്രഘോഷണവും ചർച്ചാ ക്ലാസ്സുകളും പഠന ക്ലാസ്സുകളും നടന്നു. ദീവന്നാസ്യോസ് തിരുമേനി, ഫാ. ഷോൺ മാത്യു ഫാ. എബ്രഹാം തോമസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ക്ലാസ്സുകളും കലാകായിക വിനോദപരിപാടികളും ക്രമീകരിച്ചിരുന്നു. സോജി ടി. മാത്യു, സുനിൽ ജോർജ്ജ്, സജി ഹെമൽ, റോജൻ തോമസ്, സോണി മാത്യു, അനിൽ ജോർജ്ജ്, സോഫി തോമസ്, ഡോ. ദീപ സാറാ ജോസഫ്, ബിജു ഐസക്, ബിനു ലെസ്റ്റർ ജോർജ്ജ് മാത്യു എന്നിവർ കോൺഫറൻസിന് നേതൃത്വം നൽകി.


## Passion Week Service was led By H.G Dr. Joseph Mar Dionysius at St.Thomas Orthodox Cathedral, Bhopal.

**Bhopal:** Passion Week Service was led By H.G Dr. Joseph Mar Dionysius at Bhopal, St.Thomas Orthodox Cathedral. The Passion week service began with Hosana Service. Daily after the evening prayer devotional message was given by H.G Dr. Joseph Mar Dionysius. The Washing the Feet service was also held. Fr. George C Varghese, Fr. Binoj M Baby, Fr.Jeffin Varghese, Fr. Biju Daniel, Fr. Cijo Chacko along with the vicar Fr.Dr. Biju Paracel, Asst. Vicar Fr. Jobin Abraham were present during the service. Almost 1500 believers attended the service.

## : ആദരാഞ്ജലി :



നാഗ്പൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ അംഗമായിരുന്ന **സാജൻ ജോർജ്ജ്** (59) കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതൻ നാഗ്പൂർ ദേവാലയത്തിന്റെ സെക്രട്ടറിയായി അനേകം വർഷം സേവനം അനുഷ്ഠിച്ചിരുന്നു. സംസ്ക്കാരം നാഗ്പൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തി. പരേതന്റെ വേർപാടിൽ അഭി. ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ് അനുശോചനം രേഖപ്പെടുത്തി.



കൽക്കട്ട ഭദ്രാസനത്തിന്റെയും സെന്റ്. തോമസ് മിഷന്റെയും 1998 മുതൽ 2001 വരെ അക്കൗണ്ട് ഓഫീസർ ആയി പ്രവർത്തിച്ച ജോൺ മാത്യു കർത്താവിൽ നിദ്ര പ്രാപിച്ചു. ബൊക്കാറൊ എം.ജി.എം ഹയർസെക്കണ്ടറി സ്കൂളിലും, സെന്റ് മേരി സ്കൂളിലും ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ചിരുന്നു. ബൊക്കാറൊ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗമായിരുന്നു. സംസ്ക്കാരം മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടത്തി. പരേതന്റെ വേർപാടിൽ കൽക്കട്ട ഭദ്രാസനത്തിന്റെയും സെന്റ്. തോമസ് മിഷന്റെയും ആദരാജ്ഞലികൾ.

# TRANSFER LIST OF PRIESTS W.e.f 15.06.2019

1. Rev. Fr. M.J. Mathew is Transferred from St. George Orthodox Church, Jabalpur to Mar Gregorios Church Raigarh.
2. Fr. Jose K. Varghese is Transferred from St. George Congregation, Bhilai to St. Mary's Orthodox Syrian Church, Raipur.
3. Rev. Fr. Geevarghese Varghese is from Mar Gregorios Church, Kolar to St. George Orthodox Church, Jabalpur.
4. Rev. Fr. Lijo John is Transferred from St. George Orthodox Church, Durgapur to Mar Gregorios Church, Kolar.
5. Rev. Fr Liju K. Ponnachen is Transferred from Mar Gregorios Orthodox Syrian Church, Raigarh to St. Gregorios Maha Edavaka, Kuwait as Asst. Vicar.
6. Rev. Fr. Shaiju Philip is Transferred from St. Stephens Orthodox Church, Ranchi to St. George Orthodox Church, Durgapur.
7. Rev. Fr. Dynu Kurian is appointed as Vicar of St. Stephens Orthodox Church, Ranchi.
8. Rev. Fr. George C. Varughese is Appointed as Vicar of St. George Congregation, Bhilai.




പട്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ചെങ്ങന്നൂർ പേരിശ്ശേരി സെന്റ്. മേരീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവക അംഗമായ ശ്രീമതി അന്നമ്മയ്ക്കും കുടുംബത്തിനും ഒരു ഭവനം നിർമ്മിച്ചു നൽകാൻ സാധിച്ചു. ഭവനത്തിന്റെ കൂദാശ കൽക്കട്ട ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് തിരുമനസ്സ്കൊണ്ട് ജൂൺ മാസം ൧൦ാം തീയതി നടത്തുകയും ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഭവനദാന പദ്ധതിയിൽ സഹകരിച്ച എല്ലാ ഇടവക അംഗങ്ങളോടും ഭവന നിർമ്മാണം കൃത്യസമയത്ത് പൂർത്തീകരിച്ച കോൺട്രാക്ടർ സജി. പി. ജോഷ്വായോടും ഉള്ള നന്ദി ഇടവക വികാരി ഫാ. വർഗീസ് പി. ജോഷ്വ അറിയിച്ചു.



***Congratulations...***

**to the newly ordinated Sub-Deacons Dn. Dinu & Dn. Sajin**

***Congratulations...***



**Ph.D. Awarded to Dr. Joji Thomas**

The Chairman and Bishop of Calcutta Diocese Dr. Joseph Mar Dionysius has extended his blessings and warm wishes to Dr. Joji Thomas, Associate Prof. Department of Mechanical Engineering for being awarded "Doctor of Philosophy (Ph. D)".

Also the Management , Staff and students of Christian College of Engineering and Technology, Bhilai extends warm wishes to him on being awrded Doctorate for the thesis entitled "studis on Some Aspects of Meta-heuristic Algorithams in Solving Engineering Optimization Problems" from National Instituteo technology, (NIT) Rourkela.

The CCET family collective congratulates him for the achivement and renders good wishes and expects many more academic goals in the future.

***Congratulations...***

**To the newly ordinated Priest Fr. Dynu Kurian (Geevarghese)**



## Tentative Programme of Bishop

| | |
|---|---|
| 31st May to 7th June 2019 | - Ethopia |
| 8th June to 11th June | - Kerala |
| 12th June to 2nd July | - Bhilai |
| 3rd July to 4th July | - Jharsuguda |
| 5th July ... | - Kerala |




New Cross Shrine And Renovated Holy Altar of St.Thomas Orthodox Cathedral, Bhopal consecrated By H.G. Dr. Joseph Mar Dionysius.




Washing the feet Service was led By H.G Dr. Joseph Mar Dionysius at St.Thomas Orthodox Cathedral, Bhopal.




Mar Gregorios Orthodox Church Korba : Golden Jubilee Celebration and Family Get-together at Parumala Seminary



St. Mary's Orthodox Church Rajnandgaon : Silver Jubilee Inauguration by H. G. Dr. Joseph Mar Dionysius

MGOCSM CCET Unit donated 20 beds at the lepersy Colony, Sharda Para, Bhilai.



For Private Circulation Only
Vol-X Issue II April - June 2019


# CHRISTIAN COLLEGE
## OF ENGINEERING & TECHNOLOGY
APPROVED BY AICTE, AFFILIATED TO CSVTU, BHILAI

MGM GROUP OF INSTITUTIONS

DISCOVER THE BRIGHTEST OPTIONS FOR PROMISING CAREER



ADMISSION HELPLINE
**8606208543**

**50%**
SEATS RESERVED FOR
CHRISTIAN STUDENTS
- MAR THEODOSIUS SCHOLARSHIP TO MERITORIOUS STUDENTS
- FEE CONCESSION TO CHRISTIAN STUDENTS*

*only through parish priest recommendation

CCET
Managed By St Thomas Mission, Bhilai
KAILASH NAGAR, MAR THEODOSIUS MARG, I.E., BHILAI, C.G. 490026
www.ccetbhilai.ac.in

**M.TECH.**
CAD/CAM ROBOTICS
NANOTECHNOLOGY
HIGH VOLTAGE

**B.E. ENGINEERING**
COMPUTER SCIENCE
ELECTRICAL
MECHANICAL
ELECTRONICS & TELE.

3rd OLDEST PRIVATE COLLEGE IN CHHATTISGARH

IN CAMPUS HOSTEL FOR BOYS & GIRLS
Managed by St. Thomas Ashram Priests & Nuns


CENTRAL LIBRARY | ROBOTICS LAB | LANGUAGE LAB | CNC LAB
HIGH VOLTAGE LAB | NANOTECHNOLOGY LAB | MULTI-GYM

ST. THOMAS COLLEGE BHILAI — THE WAY THE LIFE THE TRUTH

START WITH A DREAM, FINISH WITH A FUTURE

# ST. THOMAS COLLEGE
## RUABANDHA - BHILAI
AFFILIATED TO HEMCHAND YADAV VISHWAVIDYALAYA, DURG

Run By St. Thomas Malankara Orthodox Syrian Church Mission, Bhilai
Owned By Malankara Orthodox Syrian Church, Kottayam




NAAC REACCREDITED AT B++ LEVEL

35 YEARS OF EXCELLENCE




COURSES OFFERED

| | | |
|---|---|---|
| **B.Sc.** (Comp.,Phy., Maths) | **B.C.A.** | **M.Com.** |
| **B.Sc.** (Elect., Phy., Maths) | **B.Com.** | **M.Sc.** (Botany) |
| **B.Sc.** (Phy., Chem., Maths) | **B.Com.** (Comp. App.) | **M.Sc.** (Zoology) |
| **B.Sc.** (I.T., Phy., Maths) | **B.A.** (Eng.,Eco.,Psycho.) | **M.Sc.** (Biotech.) |
| **B.Sc.** (Botany, Zoo., Chem.) | **B.A.J.M.C** | **M.Sc.** (Chem.) |
| **B.Sc.** (Microbio., Zoo., Chem.) | **B.B.A.** | **M.Sc.** (Microbio.) |
| **B.Sc.** (Microbio., Botany, Chem.) | **B.Ed.** | **M.Sc.** (Maths) |
| **B.Sc.** (Biotech., Botany, Chem.) | **M.A.** (English) | **M.Sc.** (Comp. Sc.) |
| **B.Sc.** (Chem.,Indus.Chem.&Maths) | **M.A.** (Economics) | **P.G.D.C.A.** |
| **B.Sc.** (Chem., Indus. Chem. & Zoo.) | **M.A.** (Psychology) | |

BEST COLLEGE AWARD*

UNIVERSITY MERIT HOLDERS

EXCELLENCE IN ACADEMICS & SPORTS

IN CAMPUS GIRLS HOSTEL

PAY FEE IN INSTALLMENTS

Phone: 0788-2275970
Ruabandha, Bhilai, Dist. Durg, C.G.
www.stthomascollegebhilai.in


Published by : Fr. Aju K Varghese for Diocese of Calcutta, Bhilai - 26 (C.G.)
Chief Editor : Fr. Dr. Abraham Oommen